I ഇ.ബി. XV - കേരള നിയമസഭ/XI-2

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂൺ 11, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 2830, 728 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 13-12-2022-ലെ നക്ഷത്രചിഹ്നമിടാത്ത 2830-ാം നമ്പർ ചോദ്യത്തിന്റെയും എട്ടാം സമ്മേളനത്തിലെ 02-02-2023-ലെ നക്ഷത്രചിഹ്നമിടാത്ത 728-ാം

നമ്പർ ചോദ്യത്തിന്റെയും തിരുത്തിയ ഉത്തരം വൈദ്യുതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

മലബാർ മേഖലയിലെ പ്ലസ്‍വൺ സീറ്റുകളുടെ അപര്യാപ്തത

മി. സ്പീക്കർ: മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റിന്റെ കുറവുമൂലവും പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കാത്തതുമൂലവും എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ ഉപരിപഠനം പ്രതിസന്ധിയിലായതായി പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, സണ്ണി ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് യാതൊരുവിധ പ്രതിസന്ധിയും നിലവിലില്ല. മൂന്ന് റൗണ്ട് അലോട്ട്മെന്റ് പൂർത്തിയായതിനുശേഷം കുറവുവരുന്ന സീറ്റുകളുടെ കാര്യം പരിശോധിക്കാമെന്ന് മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്. 14 ദിവസംകൊണ്ട്

മൂല്യനിർണ്ണയം നടത്തി എസ്.എസ്.എൽ.സി. പരീക്ഷ ഫലപ്രഖ്യാപനം നടത്താനായതും അതിനോടൊപ്പം പ്ലസ് വൺ പ്രവേശനത്തിന്റെ പ്രോസ്പെക്ടസും ഷെഡ്യൂളും പ്രസിദ്ധീകരിക്കാനായതും അഭിമാനകരമാണ്. ഈ വർഷം 425563 വിദ്യാർത്ഥികൾ പ്ലസ് വൺ പ്രവേശനത്തിന് യോഗ്യത നേടിയിട്ടുണ്ട്. സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് മേഖലകളിലായി 433421 പ്ലസ്‌വൺ സീറ്റുകൾ ലഭ്യമാണ്. കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ യോഗ്യത നേടിയ കുട്ടികൾക്ക് പ്രവേശനം ലഭിച്ചുകഴിഞ്ഞാലും സീറ്റുകൾ അധികമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. വയനാട് ജില്ലയിൽ ഹയർ സെക്കണ്ടറിയിലെ 11360 സീറ്റുകൾക്കുപുറമെ വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.ടി.ഐ., പോളിടെക്നിക് എന്നിവയിലായി 13484 സീറ്റുകൾ റെഗുലർ പഠനത്തിനായി ലഭ്യമാണ്. മലപ്പുറം ജില്ലയിലാകെ 74840 കുട്ടികളാണ് അപേക്ഷിച്ചിട്ടുള്ളത്. ഹയർ സെക്കണ്ടറിയിലെ സീറ്റുകൾക്കുപുറമെ വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.ടി.ഐ., പോളിടെക്നിക് എന്നീ മേഖലകളിലെ സീറ്റുകളുൾപ്പെടെ 80250 സീറ്റുകൾ റെഗുലർ പഠനത്തിനായി ലഭ്യമാണ്. ഹയർ സെക്കണ്ടറി പഠനത്തിനായി സ്കോൾ കേരളയിലും ധാരാളം കുട്ടികൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. വയനാട് ജില്ലയിൽ A+ ലഭിച്ച എല്ലാ വിദ്യാർത്ഥികളും

സയൻസ് വിഷയം തിരഞ്ഞെടുത്താലും 16121 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതാണ്. മലബാർ മേഖലയിൽ 98 ബാച്ചുകൾ ഈ വർഷം അധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് 18-ഉം കോഴിക്കോട് 30-ഉം വയനാട് 8-ഉം കണ്ണൂർ 19-ഉം കാസർഗോഡ് 14-ഉം താല്ക്കാലിക അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. സീറ്റുകളുടെ കാര്യത്തിൽ കുറവുള്ളത് ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാവുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: മലബാർ മേഖലയിൽ പത്താംക്ലാസിൽ ഫുൾ എ പ്ലസ് ലഭിച്ച പതിനായിരക്കണക്കിന് കുട്ടികൾക്കാണ് പ്ലസ് വണ്ണിന് ഫസ്റ്റ് അലോട്ടുമെന്റിൽ സീറ്റ് ലഭ്യമാകാത്തത്. പ്ലസ് ടു വരെയുള്ള കുട്ടികളുടെ പഠനം മുടങ്ങുന്നത് വിദ്യാഭ്യാസ അവകാശലംഘനമാണ്. 2023-ലെ കാർത്തികേയൻ കമ്മിറ്റി റിപ്പോർട്ടിൽ മലബാർ മേഖലയിൽ പ്ലസ് ടുവിന് 150 അഡീഷണൽ ബാച്ചുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിച്ചിട്ടില്ല. മലബാർ മേഖലയിലെ കുട്ടികളുടെ ഉപരിപഠനത്തിനുള്ള അവകാശം നിഷേധിക്കുന്ന ഗവൺമെന്റിന്റെ നടപടിക്കെതിരെ പ്രതിഷേധിക്കുന്നു. ആവശ്യമായ ബാച്ചുകൾ അനുവദിച്ചുകൊണ്ട് അതത് താലൂക്കിലെ സ്കൂളുകളിൽ തന്നെ അഡ്മിഷൻ

ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): വൊക്കേഷണൽ ഹയർ സെക്കണ്ടറിയുൾപ്പെടെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് ആദ്യ അലോട്ട്മെന്റിൽ ആകെ 249550 പേർ പ്രവേശനം നേടിയിട്ടുണ്ട്. ഇനിയും പ്രവേശനത്തിനായി കാത്തിരിക്കുന്നവർ 146952 ആണ്. ഒന്നാം അലോട്ട്മെന്റിനുശേഷം മെറിറ്റ്, എയ്ഡഡ്, കമ്മ്യൂണിറ്റി, സ്പോർട്സ്, മാനേജ്മെന്റ് ക്വാട്ടകളിലായി 211915 സീറ്റുകൾ അവശേഷിക്കുന്നുണ്ട്. മൂന്ന് അലോട്ട്മെന്റുകളും കഴിഞ്ഞതിനുശേഷം സീറ്റുകളിൽ കുറവുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) പൊതുവിദ്യാഭ്യാസ മേഖലയിലെ പരീക്ഷ-മൂല്യനിർണ്ണയരീതി പരിഷ്കരണം

ശ്രീ. എം. വിജിൻ: പൊതുവിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന എഴുത്തുപരീക്ഷാരീതിയും മൂല്യനിർണ്ണയ പ്രക്രിയയും സാങ്കേതികവിദ്യയുടെ സഹായത്തോടെ കാലോചിതമായി പരിഷ്കരിക്കണം. വാചാ, പ്രായോഗികപരീക്ഷ, ഓൺലൈൻ, ഓപ്പൺ ബുക്ക് എന്നീ രീതികളിൽ പരീക്ഷകൾ നടത്തുന്നതിനും എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾക്കുപുറമെ ഒന്നു മുതൽ ഒമ്പതുവരെയുള്ള ക്ലാസ്സുകളിലെ പഠനരീതികൾ നവീകരിക്കുന്നതിനും മൂല്യനിർണ്ണയരീതി/പരിഷ്കരണം സംബന്ധിച്ച് മാതൃകാപരമായ ചർച്ചകൾ നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് ഊന്നൽ നൽകിയിട്ടുണ്ട്. ഇതിനായി പ്രൈമറിതലം മുതൽ സമഗ്ര ഗുണമേന്മ പദ്ധതിയും പഠന പിന്തുണ പരിപാടിയും നടപ്പാക്കിവരികയാണ്. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട

ദേശീയ/അന്തർദേശീയ സർവ്വേകളിലും കഴിഞ്ഞവർഷം കേന്ദ്ര സർക്കാർ പുറത്തിറക്കിയ പെർഫോമൻസ് ഗൈഡൻസ് ഇൻഡക്സിലും സംസ്ഥാനം മുന്നിലാണെങ്കിലും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള പോരായ്മകൾ ഗൗരവത്തോടെ കാണുകയാണ്. സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ദേശീയതലത്തിൽ നടപ്പിലാക്കിയ ആൾ പ്രൊമോഷൻ നയം സംസ്ഥാനവും പിന്തുടരുകയാണ്. പഠന ബോധന പ്രക്രിയ നിരന്തരവും സമഗ്രവുമായി പരിഷ്കരിക്കുന്നതിനുള്ള വിലയിരുത്തൽ രീതി സ്വീകരിച്ചുവരികയാണ്. എസ്.എസ്.എൽ.സി. പരീക്ഷാരീതി സംബന്ധിച്ച് വിദ്യാഭ്യാസ കോൺക്ലേവിൽ ചില തീരുമാനങ്ങളെടുത്ത് മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന രീതിയിൽ പാഠ്യപദ്ധതി പരിഷ്കരണം, അദ്ധ്യാപക പരിശീലനം എന്നിവയ്ക്കുപുറമെ മൂല്യനിർണ്ണയപ്രക്രിയയിലും പരിഷ്കരണം ആവശ്യമാണ്.

<u>(2) മഴക്കാല പൂർവ്വ ശുചീകരണം കാര്യക്ഷമമാക്കൽ</u>

<u>ശ്രീമതി ഉമ തോമസ്</u>: മഴക്കാല പൂർവ്വ ശുചീകരണം കൃത്യമായി നടത്താത്തതുമൂലം വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും മലിനജലം കയറുന്നതുൾപ്പെടെ ജനങ്ങൾക്കുണ്ടാകുന്ന ദുരവസ്ഥ പരിഹരിക്കുന്നതിനും

വേനൽമഴ, മേഘവിസ്ഫോടനം പോലുള്ള പ്രതിഭാസങ്ങൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ നേരിടാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2024 മേയ് 28-ന് എറണാകുളത്തുണ്ടായത് വേനൽ മേഘവിസ്ഫോടനമായിരുന്നുവെന്ന് ഐ.എം.ഡി. സ്ഥിരീകരിച്ചിട്ടുണ്ട്. മേയ് 18, 19 തീയതികളിലായി സംസ്ഥാനത്താകെ മഴക്കാല പൂർവ്വ ശുചീകരണം നടത്തുകയും വീടുകളും സ്ഥാപനങ്ങളും പൊതുയിടങ്ങളും മാലിന്യമുക്തമാക്കാനായി ബോധവൽക്കരണം നടത്തുകയും ഹരിതകർമ്മ സേനയെ കാര്യക്ഷമമാക്കി വാതിൽപ്പടി ശേഖരണം ഉറപ്പാക്കുകയും ആരോഗ്യ ജാഗ്രതാ സ്ക്വാഡ് രൂപീകരിച്ച് പരിശീലനം നൽകുകയും മൈക്രോ ലെവൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി ചെളി നീക്കം ചെയ്യാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മാലിന്യനീക്കത്തിനായി വാഹനങ്ങളും കണ്ടെയ്നർ എം.സി.എഫ്.-കളും ആർ.ആർ.എഫ്.-കളും ലഭ്യമാക്കുകയുണ്ടായി. ശുചീകരണത്തിന്റെ ഭാഗമായി കാനകൾ, നാഷണൽ ഹൈവേ കലുങ്കുകൾ, റെയിൽവേ കലുങ്കുകൾ, ടി.പി. കനാൽ, തേവര-പേരണ്ടൂർ കനാൽ എന്നിവ വൃത്തിയാക്കിയിട്ടുണ്ട്. ബ്രഹ്മപുരത്തെ ബയോ മൈനിംഗ് 37 ശതമാനം പൂർത്തിയാക്കുകയും

ബി.പി.സി.എൽ.-ന്റെ സി.എൻ.ജി. പ്ലാന്റ് നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. നഗരാസൂത്രണത്തിന് മാറ്റം വരുത്താനുള്ള പ്രവർത്തനത്തിന് തുടക്കം കുറിച്ചതിന്റെ ഭാഗമായി ശിപാർശകൾ സമർപ്പിക്കാനായി നഗരകമ്മീഷനെ നിയമിക്കുകയും റിസ്ക് ഇൻഫോംഡ് മാസ്റ്റർപ്ലാനുകൾ ആവിഷ്കരിക്കുകയും ഓപ്പറേഷൻ ബ്രേക്ക് ത്രൂവിനായി കൊച്ചിൻ കോർപ്പറേഷന് 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**IV സബ്മിഷൻ**

(1) ജലാശയങ്ങളിൽ മാലിന്യം ഒഴുക്കിയവർക്കെതിരെ നടപടി

ശ്രീ. ടി. ജെ. വിനോദ്: ഏലൂർ-എടയാർ, ചേരാനല്ലൂർ പ്രദേശങ്ങളിലെ ജലാശയങ്ങളിൽ രാസമാലിന്യം ഒഴുക്കിയവർക്കെതിരെ നടപടി സ്വീകരിക്കുകയും കൃഷിനാശം സംഭവിച്ച മത്സ്യക്കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യണം.

(ഈ വിഷയം സംബന്ധിച്ച് ശ്രീമതി ഉമ തോമസ്, ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ എന്നീ അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 20-05-2024-ന് പെരിയാറിലെ ഏലൂർ ഫെറി ഭാഗത്ത് മത്സ്യങ്ങൾ ചത്തുപൊങ്ങിയതിനെത്തുടർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ

ബോർഡിന്റെ സർവൈലൻസ് സംഘം നടത്തിയ പരിശോധനയിൽ ജലത്തിന്റെ ഡിസോൾവ്ഡ് ഓക്സിജന്റെ അളവ് കുറഞ്ഞതാണ് മത്സ്യനാശത്തിന് കാരണമായതെന്നാണ് കണ്ടെത്തിയത്. പെരിയാർ നദിയിലേയ്ക്ക് പാഴ്ജലം ശുദ്ധീകരിച്ച് പുറന്തള്ളുന്നതിന് അനുവദിച്ചിട്ടുള്ള അഞ്ച് വ്യവസായ ശാലകളിൽനിന്നും മലിനജലം പുറന്തള്ളുന്നതായി കണ്ടെത്തിയിട്ടില്ല. മത്സ്യനാശം സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷൻ സ്റ്റഡീസിന്റെ റിപ്പോർട്ടുകൂടി ലഭ്യമായതിനുശേഷം മാത്രമേ മലിനീകരണ നിയന്ത്രണ ബോർഡ് വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയുള്ളൂ. പ്രാഥമിക വിവരങ്ങൾ പ്രകാരം 13,56,00,000 രൂപയുടെ മത്സ്യനാശമുണ്ടായിട്ടുണ്ട്. മത്സ്യകൃഷിക്കാർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതുസംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും.

### (2) ആലപ്പുഴ ജലസംഭരണിയുടെയും പൈപ്പ് കണക്ഷനുകളുടെയും പൂർത്തീകരണം

ശ്രീ. പി. പി. ചിത്തരഞ്ജൻ: ആലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം വടക്ക്,

മാരാരിക്കുളം തെക്ക് എന്നീ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ മുഖാന്തരം 26294 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളിലെ ജലവിതരണശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനുമായി 184 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 211.709 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഒമ്പത് പാക്കേജുകളിലായി നടപ്പാക്കിവരുന്ന പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. ആലപ്പുഴ നഗരസഭയിലെ വിവിധ വാർഡുകളിൽ അമൃത്-2 പദ്ധതിയിലുൾപ്പെടുത്തി 7500 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി നടന്നുവരുന്നു. പുന്നമട ജെട്ടിയിലെ വാട്ടർ കിയോസ്കിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കാവുങ്കൽ ജെട്ടിയിലെ വാട്ടർ കിയോസ്കിന് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. നെഹ്റു ട്രോഫി ഫിനിഷിംഗ് പോയിന്റിനുസമീപം സ്ഥാപിക്കേണ്ട കിയോസ്കിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലം മുനിസിപ്പാലിറ്റിയിൽനിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണമായി കുടിവെള്ളം എത്തിക്കുന്നതിനുള്ള

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(3) കുമ്പളപ്പുഴയിൽ പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. എ. കെ. എം. അഷ്റഫ്: കുമ്പളപ്പുഴയിൽ പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനും കഞ്ചിക്കട്ട പാലത്തിലൂടെ ഇരുചക്ര-മുച്ചക്ര വാഹനങ്ങൾ കടത്തിവിടുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും കോയിപ്പാടി, ഈച്ചിലാംപാടി, ആരിക്കാടി വില്ലേജുകളിലെ കൃഷിഭൂമിക്ക് ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കാസർഗോഡ് കഞ്ചിക്കട്ടയിൽ കുമ്പള നദിക്കുകുറുകെയുള്ള ഉപ്പുവെള്ള തടയണ പാലം ഗുരുതരമായി തകർന്ന നിലയിലാണെന്നും ഗതാഗതം അനുവദിക്കുന്നത് സുരക്ഷിതമല്ലെന്നും വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കഞ്ചിക്കട്ടയിൽ പുതിയ തടയണ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഡിസൈൻ ഐ.ഡി.ആർ.ബി. തയ്യാറാക്കിവരുന്നു. ഡിസൈൻ പൂർത്തിയാക്കിയശേഷം അപ്രോച്ച് റോഡിനാവശ്യമായ ഭൂമി

ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## (4) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കൽ

ശ്രീ. സി. സി. മുകുന്ദൻ: കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ അതിവർഷാനുകൂല്യങ്ങളും മറ്റും കാലോചിതമായി പരിഷ്കരിക്കുന്നതിനും ക്ഷേമനിധി ബോർഡിനെ സാമ്പത്തിക ഭദ്രതയുള്ളതാക്കി മാറ്റാനുമുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 1990-ലെ കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതിപ്രകാരം അംശദായ തുകയ്ക്ക് തുല്യമായ തുകയാണ് മാച്ചിംഗ് ഗ്രാന്റായി അനുവദിക്കേണ്ടത്. കർഷക ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ബോർഡിൽനിന്നും വിരമിച്ച തൊഴിലാളികൾക്ക് അതിവർഷാനുകൂല്യ വിതരണത്തിനായി മാച്ചിംഗ് ഗ്രാന്റിന്റെ പരിധി കണക്കാക്കാതെ സർക്കാരിന്റെ ധനലഭ്യതയ്ക്കനുസരിച്ചാണ് തുക അനുവദിക്കുന്നത്.

(5) എരമം കറ്റൂർ പുല്ലുപാറയിൽ വ്യവസായ പാർക്ക്

ശ്രീ. ടി. ഐ. മധുസൂദനൻ: പയ്യന്നൂർ നിയോജകമണ്ഡലത്തിൽ എരമം സൈബർ പാർക്കിനുവേണ്ടി ഏറ്റെടുത്ത സ്ഥലത്തിന്റെ സാങ്കേതികവശങ്ങൾ പരിശോധിച്ച് വ്യവസായ പാർക്കാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): വ്യവസായ വകുപ്പ് സൈബർ പാർക്ക് ഏറ്റെടുത്ത് നടത്താനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ഐ.ടി. വകുപ്പിൽനിന്നും അനുമതി ലഭിക്കുകയും ധനകാര്യ വകുപ്പ് അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയിൽനിന്ന് ഭൂമി ഒഴിവാക്കാനുള്ള തുടർനടപടി പൂർത്തിയാകുന്ന മുറയ്ക്ക് വ്യവസായ വകുപ്പിന് ഭൂമി കൈമാറ്റം ചെയ്താലുടൻതന്നെ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(6) താഴമ്പള്ളി-പൂത്തുറ കടൽത്തീര സംരക്ഷണം

ശ്രീ. വി. ശശി: മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി അദാനിയുമായുണ്ടാക്കിയ കരാർ പ്രകാരമുള്ള ഡ്രഡ്ജിംഗ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ചിതറിക്കിടക്കുന്ന

പാറക്കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്നതിനും പൊഴിമുഖം 5 മീറ്റർ ആഴത്തിലാക്കുന്നതിനും പൊളിച്ചുമാറ്റിയ പുലിമുട്ടുകൾ പുന:സ്ഥാപിക്കുന്നതിനും 10 പുലിമുട്ടുകൾ സ്ഥാപിച്ച് തീരദേശം സംരക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുള്ള കല്ലുകൾ ബാർജുവഴി കടൽമാർഗ്ഗം കൊണ്ടുപോകുന്നതിന് മുതലപ്പൊഴി ഹാർബറിന്റെ തെക്കെ പുലിമുട്ട് പൊളിച്ച് ലോ ഡൗൺ ഫെസിലിറ്റി ഒരുക്കുന്നതിന് അദാനി പോർട്ട്സുമായി കരാർ ഉണ്ടാക്കിയതിന്റെ ഭാഗമായി ചർച്ച നടത്തി കാര്യങ്ങൾ നിറവേറ്റാൻ പരിശ്രമിച്ചിട്ടുണ്ട്. ടൗട്ടെ ചുഴലിക്കാറ്റ്, മൺസൂൺ എന്നിവമൂലം മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ തെക്കെ പുലിമുട്ടിന്റെ ഹെഡ് തകരുകയും ടെട്രാപോഡുകൾക്ക് സ്ഥാനഭ്രംശം സംഭവിച്ച് മത്സ്യത്തൊഴിലാളികളുടെ ജീവനും സുരക്ഷയ്ക്കും ഭീഷണിയായി മാറുകയും ചെയ്തപ്പോൾ കല്ലുകൾ നീക്കം ചെയ്യാൻ അദാനിയുമായി ധാരണയുണ്ടാക്കി. തെക്കുഭാഗത്തുനിന്ന് അഴിമുഖത്തേക്ക് മണ്ണ് അടിഞ്ഞുകൂടുന്നത് തടയുന്നതിനായി തെക്കെ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിച്ച് അഴിമുഖം വടക്കുഭാഗത്തേയ്ക്ക് മാറ്റുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. പുലിമുട്ടുകൾ സ്ഥാപിച്ച് തീരദേശം സംരക്ഷിക്കുന്നതിനുള്ള കിഫ്ബി പ്രോജക്ടിന് അന്തിമ അംഗീകാരം ലഭിച്ചെങ്കിലും ടെട്രാപോഡുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് കരാറുകാരൻ ആവശ്യപ്പെട്ട അധിക തുക നൽകാൻ സാധിക്കുമോയെന്നതുസംബന്ധിച്ച് കിഫ്ബിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. മുതലപ്പൊഴി പ്രത്യേക വിഷയമായി പരിഗണിച്ച് സർക്കാരിന് ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്.

(7) മലപ്പുറത്ത് സർക്കാർ എഞ്ചിനീയറിംഗ് കോളേജ്

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം ജില്ലയിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): മലപ്പുറം ജില്ലയിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. പുതിയ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് മലപ്പുറം ജില്ലയിലും സർക്കാർ എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

(8) കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ പൂർത്തീകരണം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നന്ദാരപ്പടവ് ചേവാർ റീച്ചിന്റെ നിർമ്മാണവും കോളിച്ചാൽ-എടപ്പറമ്പ് റീച്ചിൽ 21 കി. മീറ്റർ പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. കാവുങ്കൽ പാലം, അനുബന്ധ അപ്രോച്ച് റോഡ് എന്നിവയുടെ അലൈൻമെന്റിന് അന്തിമരൂപം നൽകുകയും സ്ഥലം ഫ്രീ സറണ്ടറായി ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. പള്ളഞ്ചി പാലത്തിന്റെ ഡി.പി.ആർ വനഭൂമി കണ്ടെത്തിയശേഷം സമർപ്പിക്കാനാണ് കിഫ്ബി നിർദ്ദേശിച്ചിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

(9) മഞ്ചേരി-ഒലിപ്പുഴ റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീ. യു. എ. ലത്തീഫ്: മഞ്ചേരി-ഒലിപ്പുഴ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ച് റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മഞ്ചേരി- ഒലിപ്പുഴ റോഡ് പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റ് പ്രകാരം അധിക സർവെ നമ്പറുകളിൽനിന്നുകൂടി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. അതിനുള്ള പുതുക്കിയ റവന്യൂ അനുമതി ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ തുടർന്നുവരുന്നു. കിഫ്ബിയിൽനിന്നും അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച ഫണ്ടുപയോഗിച്ച് പ്രസ്തുത റോഡിലെ കുഴികളടച്ച് നിലവിൽ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. മറ്റ് കാര്യങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(10) ഒറ്റപ്പാലം-ചെർപ്പുളശ്ശേരി പാതയുടെ രണ്ടാംഘട്ടം

ശ്രീ. പി. മമ്മിക്കുട്ടി: ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വാണിയംകുളം-പത്തംകുളം-കോതക്കുറിശ്ശി റോഡിന്റെയും ഒറ്റപ്പാലം-ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ റോഡിന്റെയും രണ്ടാംഘട്ട

പ്രവൃത്തികൾ പൂർത്തിയാക്കാനും മറ്റ് റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്. 89 ശതമാനം നിർമ്മാണം പൂർത്തീകരിച്ച പത്തംകുളം-വാണിയംകുളം റോഡിൽ ജെ.ജെ.എം. പൈപ്പിടുന്ന പ്രവൃത്തിക്ക് കാലതാമസം നേരിടുന്നുവെന്ന കാരണത്താൽ കരാർ ഫോർക്ലോസ് ചെയ്യുന്നതിനായി കോൺട്രാക്ടർ നൽകിയ അപേക്ഷ കിഫ്ബിയുടെ പരിഗണനയിലാണ്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI ക്രമപ്രശ്നം

### ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാതെ പാസ്സാക്കിയത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): 10-06-2024-ന് റൂൾ 50 നോട്ടീസ് ചർച്ചയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ

സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധിക്കവെ നിയമസഭാ ചട്ടങ്ങൾ ഇളവുചെയ്തും നടപടിക്രമങ്ങൾ പാലിക്കാതെയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാതെ 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലും പാസ്സാക്കിയ സർക്കാരിന്റെ ഏകപക്ഷീയമായ നടപടി ദൗർഭാഗ്യകരമാണ്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ റൂളിംഗ് നൽകണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: അനിയന്ത്രിതമായ സമരങ്ങൾ കാരണം തുടർച്ചയായി സഭാനടപടികൾ തടസ്സപ്പെട്ടപ്പോഴും സഭാതലത്തിൽ പ്രതിപക്ഷാംഗങ്ങളുടെ സത്യാഗ്രഹം നടക്കുമ്പോഴും ഇലക്ഷൻ പ്രഖ്യാപനം വരുന്ന അപൂർവ്വമായ സന്ദർഭങ്ങളിലും മാത്രമാണ് ചട്ടങ്ങൾ റദ്ദ് ചെയ്ത് ബില്ലുകൾ പാസ്സാക്കിയിട്ടുള്ളത്. പ്രതിപക്ഷത്തിന്റെ തടസ്സവാദങ്ങൾ മറികടന്ന് 2020-ൽ സർക്കാർ ഈ ബില്ലുകൾ പാസ്സാക്കിയെടുത്തെങ്കിലും കോവിഡ് നിമിത്തം ഡീലിമിറ്റേഷൻ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കാതെ വരികയും നിയമം കാലഹരണപ്പെടുകയുമുണ്ടായി. തദ്ദേശസ്ഥാപനങ്ങളുടെ ഡീലിമിറ്റേഷനുമായി ബന്ധപ്പെട്ട സുപ്രധാന ബില്ലുകൾ ചർച്ച കൂടാതെ പാസ്സാക്കിയ ഗവൺമെന്റ് നടപടി സഭയുടെയും

അംഗങ്ങളുടെയും അവകാശം കവർന്നെടുക്കുന്നതും അമിതാധികാര പ്രവണത വർദ്ധിപ്പിക്കുന്നതുമാണ്. ഈ വിഷയത്തിൽ ശക്തമായ റൂളിംഗുണ്ടാകണം.

ശ്രീ. എൻ. ഷംസുദ്ദീൻ: നടപടിക്രമങ്ങൾ പാലിക്കാതെയും ചർച്ച ചെയ്യാതെയും ബില്ലുകൾ പാസ്സാക്കിയ നടപടി നിയമസഭാ ചട്ടങ്ങളുടെ ലംഘനവും ജനാധിപത്യ വിരുദ്ധവുമാണ്. ഏകപക്ഷീയമായി ബില്ലുകൾ പാസ്സാക്കാൻ പാടില്ലെന്ന 29-06-2010-ലെ സ്പീക്കറുടെ റൂളിംഗിനെ അട്ടിമറിച്ചാണ് ബില്ലുകൾ പാസ്സാക്കിയിട്ടുള്ളത്. ഗവൺമെന്റിന്റെ ഈ നടപടിക്കെതിരെ റൂളിംഗ് നൽകണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് സുദീർഘമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. വാർഡ് വിഭജനം പൂർത്തിയായശേഷം മാത്രമേ തദ്ദേശസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. 2025 ഡിസംബറിനുമുമ്പായി തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തി ഫലം പ്രഖ്യാപിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് ഒരു വർഷം വേണ്ടിവരുമെന്നതിനാൽ ബില്ലുകൾ പാസ്സാക്കേണ്ടത് അടിയന്തര ആവശ്യമായിരുന്നു. എല്ലാ നടപടിക്രമങ്ങളും

പാലിച്ച് 2020-ൽ പാസ്സാക്കിയ ബിൽ സഭ റിപ്പീൽ ചെയ്തശേഷം യാതൊരു മാറ്റവും വരുത്താതെയാണ് പാസ്സാക്കിയിരിക്കുന്നത്. ബില്ലിന് ഭരണപക്ഷത്തുനിന്നോ പ്രതിപക്ഷത്തുനിന്നോ ഭേദഗതികൾ നൽകിയിരുന്നില്ല. ചട്ടപ്രകാരം അടിയന്തര സാഹചര്യത്തിൽ ബില്ലുകൾ ഇത്തരത്തിൽ പാസ്സാക്കുന്നതിന് വ്യവസ്ഥയും കീഴ്വഴക്കവുമുണ്ട്. ബിൽ പാസ്സാക്കിയ ഘട്ടത്തിൽ സീറ്റിലുണ്ടായിരുന്ന പ്രതിപക്ഷനേതാവ് എതിർപ്പ് അറിയിച്ചിരുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): അംഗങ്ങൾക്ക് ഭേദഗതി നിർദ്ദേശിക്കുന്നതിന് അവസരം നൽകാതെയും പ്രതിപക്ഷവുമായി സമവായത്തിലെത്താതെയും അജണ്ടയിൽനിന്നും വ്യത്യസ്തമായി ബിൽ പാസ്സാക്കിയത് അംഗീകരിക്കാൻ കഴിയില്ല. പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി ബഹളംവയ്ക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ പ്രതിപക്ഷനേതാവിന് മൈക്ക് അനുവദിക്കുന്ന പതിവില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ബില്ലുകൾ ചർച്ച കൂടാതെ പാസ്സാക്കുകയെന്നതല്ല സർക്കാരിന്റെ സമീപനം. എന്നാൽ അത്തരത്തിൽ ബില്ലുകൾ പാസ്സാക്കിയ കീഴ്വക്കമുണ്ട്.

റൂളിംഗ്

മി. സ്പീക്കർ: സഭയിൽ അവതരിപ്പിക്കുന്ന ധനവിനിയോഗ ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകളും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെയോ സെലക്ട് കമ്മിറ്റിയുടെയോ പരിഗണനയ്ക്ക് അയയ്ക്കുകയും പ്രസ്തുത സമിതികൾ വിശദമായ പരിശോധന നടത്തിയതിനുശേഷംമാത്രം തിരിച്ച് സഭയിൽ കൊണ്ടുവന്ന് പാസ്സാക്കുകയും ചെയ്യുക എന്ന ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നമ്മുടെ നിയമനിർമ്മാണ പ്രക്രിയ ക്രമീകരിച്ച് വന്നിരുന്നത്. എന്നാൽ അടിയന്തരഘട്ടങ്ങളിലും വ്യക്തമായ കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ചട്ടങ്ങൾ സസ്പെന്റ് ചെയ്തുകൊണ്ട് നിരവധി ബില്ലുകൾ സഭയിൽ അവതരിപ്പിക്കുകയും കമ്മിറ്റികളുടെ പരിഗണനയ്ക്ക് അയയ്ക്കാതെ, പൊതുചർച്ചയ്ക്കുശേഷവും ചർച്ച കൂടാതെയും സഭയിൽ പാസ്സാക്കിയിട്ടുണ്ട്. ധനവിനിയോഗ ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകളും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെയോ, സെലക്ട് കമ്മിറ്റിയുടെയോ പരിഗണനയ്ക്കുശേഷം മാത്രം പാസ്സാക്കുന്ന

പ്രവണതയാണ് ഏറ്റവും അഭികാമ്യം എന്നതന്നെയാണ് ചെയറിന്റെയും അഭിപ്രായം. എന്നാൽ 2025-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വാർഡ് വിഭജനം ഉൾപ്പെടെയുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുള്ളതിനാൽ ബിൽ അടിയന്തരമായി പാസ്സാക്കേണ്ട സാഹചര്യം നിലനിൽക്കുന്നു എന്ന വസ്തുതയും പരിഗണിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് രണ്ടംഗങ്ങളും ഉന്നയിച്ച വികാരങ്ങളുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെയും അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് ക്രമപ്രശ്നം തീർപ്പാക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഇക്കാര്യത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## VII. ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ (413,19,38,000 രൂപ)

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം (719,13,98,000 രൂപ)

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയാകുംവിധം സംസ്ഥാനത്തിന്റെ പൊതുഭരണസംവിധാനത്തെ വളരെവേഗത്തിൽ രൂപപ്പെടുത്തിയെടുക്കാനും ജനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങളും ജീവിതനിലവാരവും മെച്ചപ്പെടുത്താനുംവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകൾ നടത്തുന്നത്. നീതി ആയോഗിന്റെ കണക്ക് പ്രകാരം ഏറ്റവും കുറഞ്ഞ പട്ടിണി നിരക്കുള്ള കേരളം 2025 മാർച്ച് മാസത്തോടുകൂടി ഇന്ത്യയിലെ ആദ്യത്തെ പട്ടിണി വിമുക്ത സംസ്ഥാനമാകാൻ പോകുകയാണ്. ഗ്രാമീണ മേഖലയിലെ സാധാരണക്കാരന്റെ സുസ്ഥിരജീവിതത്തിന്റെ കാര്യത്തിലുൾപ്പെടെ മനുഷ്യന്റെ അടിസ്ഥാനജീവിതവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളിലും കേരളം മുൻപന്തിയിലാണ്. സ്വന്തമായി വീടെന്ന പാവപ്പെട്ടവന്റെ സ്വപ്നം സാക്ഷാത്കരിക്കാനുള്ള പദ്ധതിയുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസമേഖലയിലും ആരോഗ്യമേഖലയിലും ലോകത്തിന് തന്നെ മാതൃകയാകാനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ ഏറ്റവും ഫലപ്രദമായ പ്രവർത്തനം കാഴ്ചവയ്ക്കാനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. പി.എസ്.സി. വഴി ഇന്ത്യയിൽ ഏറ്റവുമധികം നിയമനം

നടക്കുന്നത് കേരള സംസ്ഥാനത്താണെന്നതും ശ്രദ്ധേയമാണ്. സമസ്തരംഗത്തും അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ച് സംസ്ഥാനം മുന്നോട്ടുപോകുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. രമേശ് ചെന്നിത്തല: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോൺഗ്രസ്സിന് ജനങ്ങൾ നൽകിയ അംഗീകാരമാണ് ലോക്സഭാ തെരഞ്ഞെടുപ്പിലെ മുന്നേറ്റം. കോൺഗ്രസ്സിനെ തകർക്കാൻ ബി.ജെ.പി.-യെ കൂട്ടുപിടിക്കുന്ന ഇടതുപക്ഷത്തിന്റെ സമീപനത്തിലൂടെ അവരുടെ രാഷ്ട്രീയ ജീർണ്ണതയാണ് വെളിവാക്കുന്നത്. ജനാധിപത്യമൂല്യങ്ങളും മതേതരത്വവും കാത്തുസൂക്ഷിക്കാൻ അവസരം നൽകിയ ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റാൻ കോൺഗ്രസ്സ് പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. പി. ബാലചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ സർക്കാർ നടത്തുന്ന ജനോപകാരപ്രദമായ പ്രവർത്തനങ്ങളെ എതിർക്കുന്ന പ്രതിപക്ഷ നിലപാട് അംഗീകരിക്കാനാവില്ല. ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്ന പൗരത്വ ഭേദഗതി ബില്ലിനെതിരെപ്പോലും മൗനം പാലിച്ചവരാണ് പ്രതിപക്ഷത്തുള്ളത്. സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന ഒരേയൊരു രാഷ്ട്രീയ പ്രസ്ഥാനം ഇടതുപക്ഷമാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇന്ത്യാ മുന്നണി കൈവരിച്ച മുന്നേറ്റം ഇന്ത്യയ്ക്കൊരു രക്ഷാകവചമാണ്. തിരഞ്ഞെടുപ്പിലുണ്ടായ ശോഷണം സംബന്ധിച്ച് പരിശോധിക്കാൻ ഇടതുപക്ഷം ബാധ്യസ്ഥമാണ്. സർക്കാരിന്റെ കെടുകാര്യസ്ഥതയും സാമ്പത്തിക പ്രതിസന്ധിയുംമൂലം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനും ആരോഗ്യ-വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താനുമാവശ്യമായ നടപടി സ്വീകരിക്കണം. ചെലവുചുരുക്കൽ നടപടികൾ കാര്യക്ഷമമാക്കി സർക്കാരിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം. തെറ്റായ സാമ്പത്തിക നയങ്ങൾ തിരുത്താനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്രത്തിന്റെ സാമ്പത്തിക ഉപരോധത്തെയും പ്രതിപക്ഷത്തിന്റെ വ്യാജപ്രചാരണങ്ങളെയും അതിജീവിച്ച് ക്ഷേമവികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഈ സർക്കാരിന് കഴിയുന്നുണ്ടെന്നുള്ളത് സ്വാഗതാർഹമാണ്.

ശ്രീ. തോമസ് കെ. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തികനയങ്ങളെയും സംസ്ഥാനത്തോടുള്ള പ്രതികാരമനോഭാവത്തെയും അതിജീവിച്ചുകൊണ്ട് സമാനതകളില്ലാത്ത പുരോഗതി കൈവരിച്ച് നല്ലരീതിയിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന സർക്കാരാണിത്. കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും അതിനെതിരെ പ്രതിപക്ഷം പ്രതിഷേധിക്കാത്തത് ഖേദകരമാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്തമേഖലകളിലും സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. താലൂക്കാശുപത്രികളിൽ ആധുനിക ചികിത്സാ രീതികൾ ലഭ്യമാക്കാനും ലൈഫ് മിഷൻ പദ്ധതിയിലൂടെ നാല് ലക്ഷം വീടുകൾ പൂർത്തിയാക്കാനും ക്ഷേമ പെൻഷനുകൾ 1600/- രൂപയാക്കി വർദ്ധിപ്പിക്കാനും സാധിച്ചത് സ്വാഗതാർഹമാണ്. ദേശീയപാത വികസനം, ഗെയിൽ പൈപ്പ് ലൈൻ, പവർ ഹൈവേ, കൊച്ചി മെട്രോ, കൊച്ചി വാട്ടർ മെട്രോ തുടങ്ങി നിരവധി പദ്ധതികൾ കിഫ്ബി പദ്ധതിയിലൂടെ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം ലക്ഷ്യംവച്ചുകൊണ്ട് മൂന്നേകാൽ ലക്ഷത്തിലധികം പട്ടയം വിതരണം ചെയ്തിട്ടുണ്ട്. ആദിവാസികളടക്കമുള്ള

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരികയാണ്. വ്യവസായ മേഖലയിൽ മുന്നേറ്റം കൈവരിക്കുന്നതിനായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിവരുന്നതോടൊപ്പം വ്യാവസായിക വളർച്ച 17 ശതമാനമായി ഉയർത്താനും സാധിച്ചു. NAAC അക്രെഡിറ്റേഷനിൽ കേരള സർവ്വകലാശാല എ++ നേടിയത് അഭിമാനകരമാണ്. കേന്ദ്ര സർവ്വീസുകളിൽ ദശലക്ഷക്കണക്കിന് തസ്തികകൾ ഒഴിഞ്ഞുകിടക്കുമ്പോഴും രാജ്യത്തിനാകെ മാതൃകയാകാൻ കേരള പി.എസ്.സി.ക്ക് കഴിഞ്ഞതും പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി പ്രത്യേക ബോർഡ് രൂപീകരിച്ചതും ശ്രദ്ധേയമാണ്. കേരളത്തിന്റെ നികുതി വരുമാനത്തിലും ആഭ്യന്തര ഉൽപ്പാദനത്തിലും വർദ്ധനവുണ്ടായിരിക്കുന്നത് പ്രശംസനീയമാണ്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വളരെ ശ്രദ്ധേയമായ ഭരണനേട്ടങ്ങൾ കൈവരിച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ടാണ് സർക്കാർ പ്രവർത്തിക്കുന്നത്. സർക്കാർ ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രോഗ്രസ് റിപ്പോർട്ട് ഭരണനേട്ടങ്ങൾ വ്യക്തമാക്കുന്നതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കിയെന്ന് അവകാശപ്പെട്ടുകൊണ്ട് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രോഗ്രസ് റിപ്പോർട്ട് ജനങ്ങളെ കബളിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. സർക്കാർ ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും നിഷേധിക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ ധനമാനേജ്മെന്റ് ദയനീയാവസ്ഥയിലാണ്. സാമൂഹ്യപെൻഷൻ, സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിക്കായി നൽകുന്ന തുക, പഞ്ചായത്തിന്റെ വികസന ഗ്രാന്റ് എന്നിവയെല്ലാം കുടിശ്ശികയാണ്. സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണം.

<u>ശ്രീ. പി. പി. സുമോദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി 973 സ്കൂൾ കെട്ടിടങ്ങൾ, 45000 ഹൈടെക് ക്ലാസ് മുറികൾ എന്നിവ നിർമ്മിക്കുകയും പ്രൈമറി സ്കൂൾ പാഠപുസ്തകത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠനം ഉൾപ്പെടെ കുട്ടികളിൽ സമത്വത്തിന്റെ ബാലപാഠങ്ങൾ അഭ്യസിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞവർഷം പി.എസ്.സി. വഴി ഏറ്റവും കൂടുതൽ നിയമനങ്ങൾ നടന്നത് കേരളത്തിലാണ്. ലോകത്ത്

വിനോദസഞ്ചാരികൾ കാണേണ്ട 50 പ്രധാന പ്രദേശങ്ങളിലൊന്നായി കേരളം തെരഞ്ഞെടുക്കപ്പെട്ടു. വാഗമണ്ണിലെ ഗ്ലാസ് ബ്രിഡ്ജ്, പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി എന്നിവിടങ്ങളിൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതിദരിദ്ര കുടുംബങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചതും നാലുവരി ദേശീയ പാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമിയേറ്റെടുക്കൽ നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നുവെന്നതും പ്രശംസനീയമാണ്. സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള കോളേജുകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തിയ ചരിത്രപരമായ തീരുമാനം ശ്ലാഘനീയമാണ്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 19 ലക്ഷത്തിലധികം കെ-ഫോൺ കണക്ഷനുകൾ നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന തെറ്റായ നിലപാടുകൾമൂലവും കടുത്ത സാമ്പത്തിക പ്രതിസന്ധിയും കാരണം റബ്ബർ കർഷകർ ആവശ്യപ്പെട്ട താങ്ങുവിലയായ 250/- രൂപ നൽകാൻ സാധിക്കുന്നില്ല. ഏത് കാലഘട്ടത്തിലും മതന്യൂനപക്ഷങ്ങൾക്കുനേരെ

ആക്രമണമുണ്ടാകുമ്പോൾ അവർക്കൊപ്പം ഉറച്ചുനിൽക്കുന്ന നിലപാടാണ് ഇടതുപക്ഷം സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എച്ച്. സലാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇലക്ടറൽ ബോണ്ട്, ബിൽക്കിസ് ബാനു കേസിലെ പ്രതികളെ വിട്ടയച്ചത്, ജമ്മു കാശ്മീരിൽ പ്രവേശനം നിഷേധിച്ചത് എന്നിവയ്ക്കെതിരെയുള്ള കേസുകളിൽ വിധി സമ്പാദിച്ചത് ഇടതുപക്ഷമാണ്.

ശ്രീ. പി. കെ. ബഷീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ധനകാര്യ വകുപ്പിന്റെ കിഫ്ബി ഫണ്ടും പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ടും അനുവദിക്കുന്നതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസം പാടില്ല.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദേശീയപാത, മലയോര ഹൈവേ, തീരദേശ ഹൈവേ, ഗെയ്ൽ പൈപ്പ്ലൈൻ, ലൈഫ് ഭവന പദ്ധതി, ഒന്നര ലക്ഷം ആളുകൾക്ക് പട്ടയം നൽകിയത് തുടങ്ങിയവ കേരളത്തിലെ വികസനത്തിന്റെ നവ്യാനുഭവങ്ങളാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനങ്ങൾ നടക്കുന്നത് കേരളത്തിലാണ്. കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളായ എച്ച്.എൻ.എൽ., ഭാരത് ഹെവി ഇലക്ട്രിക്കൽസ് എന്നിവ ഏറ്റെടുക്കാൻ കഴിഞ്ഞതും കേരളത്തെ രാജ്യത്തെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ

സംസ്ഥാനമാക്കി മാറ്റാൻ സാധിച്ചതും ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യ മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാനായതും പ്രവാസി ക്ഷേമത്തിനായി നിരവധി പദ്ധതികളാരംഭിച്ചതും സർക്കാരിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നു. ടെക്നോപാർക്ക്, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവ സ്ഥാപിച്ച് രാജ്യത്തിന് മാതൃകയാകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

ശ്രീ. എം. രാജഗോപാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കിഫ്ബിയിലൂടെ നിരവധി പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കക്ഷി രാഷ്ട്രീയത്തിനും ജാതിമത ചിന്തകൾക്കുമതീതമായി എല്ലാ വിഭാഗം ജനങ്ങളുടെയും അംഗീകാരം നേടിയെടുക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്ന ഗവൺമെന്റാണിത്. മഴക്കെടുതി നേരിടാനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കോവിഡാനന്തരം മരണനിരക്ക് വർദ്ധിക്കുന്നത് സംബന്ധിച്ച് യാതൊരു പരിശോധനയും നടത്തുന്നില്ല. കേരളത്തിന്റെ പൊതുജനാരോഗ്യം അപകടകരമായ അവസ്ഥയിലായിരിക്കുകയാണ്.

പോസ്റ്റ് കോവിഡ് പിരീഡിനെ സംബന്ധിച്ച ഡാറ്റ ആരോഗ്യ വകുപ്പിൽ ലഭ്യമല്ല. ക്ഷേമപെൻഷനുകൾ യഥാസമയം നൽകുന്നതിനോ കാരുണ്യ ബെനവലന്റ് സ്കീം പ്രകാരമുള്ള ചികിത്സ ലഭ്യമാക്കുന്നതിനോ സാധിക്കുന്നില്ല. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത കുടിശ്ശികയായിരിക്കുകയാണ്. പെൻഷൻ/ശമ്പള പരിഷ്കരണ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനോ പുതിയ ശമ്പള പരിഷ്കരണ കമ്മീഷനെ നിയോഗിക്കുന്നതിനോ സാധിച്ചിട്ടില്ല. സപ്ലൈകോ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടങ്ങിയവയ്ക്ക് നൽകാനുള്ള തുക കുടിശ്ശികയായിരിക്കുകയാണ്. കെഎസ്.ആർ.ടി.സി., വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങൾ നഷ്ടത്തിലാണ്. കാർഷിക മേഖലയിൽ വരുമാന വർദ്ധനവിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മനുഷ്യ-വന്യമൃഗ സംഘർഷം പരിഹരിക്കാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടില്ല. തൊഴിലില്ലായ്മ പ്രശ്നം പരിഹരിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയതിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയതിലൂടെ ആദിവാസി/പട്ടികജാതി-പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി അട്ടിമറിച്ചിരിക്കുകയാണ്.

തദ്ദേശസ്ഥാപനങ്ങൾക്ക് മതിയായ തുക അനുവദിക്കുന്നില്ല. രൂക്ഷമായ ധനപ്രതിസന്ധി മറികടക്കാനായി ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. നികുതി പിരിച്ചെടുക്കാനോ സെൻട്രൽ പൂളിലേയ്ക്ക് പോകുന്ന ഐ.ജി.എസ്.ടി തിരിച്ചുപിടിക്കാനോ നടപടി സ്വീകരിക്കുന്നില്ല. ജി.എസ്.ടി. വകുപ്പ് പ്രവർത്തനക്ഷമമല്ല. സംസ്ഥാനത്തിന് ന്യായമായി ലഭിക്കാനുള്ള നികുതിവിഹിതം നേടിയെടുക്കാനുള്ള നടപടി സ്വീകരിക്കണം. കേരളത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതിയിൽ നൽകിയ കേസിൽ കേന്ദ്ര ഗവൺമെന്റിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട തുക സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല. ജനക്ഷേമ പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ നടപ്പാക്കുന്നതിനുപകരം ആർഭാടവും ധൂർത്തും നടത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): കോവിഡുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം വസ്തുതാപരമല്ല. കേരളത്തിലുണ്ടായ ഓരോ കോവിഡ് കേസും മരണവും

കൃത്യമായി ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്; പ്രതിപക്ഷാംഗങ്ങൾക്ക് അത് പരിശോധിക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സുപ്രീം കോടതിയിൽ നൽകിയ കേസിൽ കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കേണ്ട തുകയുടെ കാര്യം പറഞ്ഞിട്ടില്ല. കേരളത്തിന്റെ കടമെടുക്കൽ പരിധി സംബന്ധിച്ചാണ് പ്രധാനമായും പറഞ്ഞിട്ടുള്ളത്. എന്നാൽ സുപ്രീം കോടതി അക്കാര്യങ്ങൾ മുഖവിലയ്ക്കെടുക്കുകയും ലഭിക്കാനുള്ള തുകയുടെ ഒരു ഭാഗം കേന്ദ്രഗവൺമെന്റ് അനുവദിച്ചുതരികയും ചെയ്തിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഭരണനിർവ്വഹണ കാര്യങ്ങളിലും പൊതു പ്രശ്നങ്ങളിലും വേറിട്ടുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 21-05-2021 മുതൽ 31-05-2024 വരെ 2808 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും 88852 പേർക്ക് നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. വാർഷിക കലണ്ടർ തയ്യാറാക്കി പരീക്ഷകളുടെ വിജ്ഞാപനവും തുടർനടപടികളും സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുകയും വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. K-DISC-ന്റെ ഭാഗമായി തയ്യാറാക്കിയ

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം വഴി 110000 ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട്. പൊതുഭരണ രംഗത്ത് സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഫയൽ നീക്കം വേഗത്തിലാക്കുന്നതിന് നടപ്പാക്കിയ ഇ-ഓഫീസ് സംവിധാനം സെക്രട്ടേറിയറ്റിനുപുറമെ വകുപ്പുമേധാവികളുടെയും ജില്ലാ മേധാവികളുടെയും ഓഫീസുകളിലും നടപ്പാക്കിയിട്ടുണ്ട്. K-SMART പദ്ധതി നവംബർ ഒന്ന് മുതൽ 152 ബ്ലോക്ക് പഞ്ചായത്തുകളിലും 941 പഞ്ചായത്തുകളിലുംകൂടി വ്യാപിപ്പിക്കുന്നതാണ്. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച ലോക കേരളസഭയുടെ നാലാം സമ്മേളനം ജൂൺ 13 മുതൽ 15 വരെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2025 നവംബർ ഒന്നിന് സംസ്ഥാനത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ കഴിയുന്നതാണ്. ലൈഫ് പദ്ധതിയുടെ ഭാഗമായി 2016-നുശേഷം 404278 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 102780 വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി വീട് നിർമ്മിച്ചുനൽകുന്ന പദ്ധതിയിൽ ആറ് ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ബാക്കിയുള്ളവയുടെ

നിർമ്മാണം പുരോഗമിക്കുകയുമാണ്. ഭൂമിയും വീടും ഇല്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി "മനസ്സോടിത്തിരി മണ്ണ്" എന്ന പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി 'പുനർഗേഹം' പദ്ധതിയിൽ 2246 വീടുകളും 390 ഫ്ലാറ്റുകളും നിർമ്മിച്ച് നൽകുകയും 752 വീടുകളുടെയും 1112 ഫ്ലാറ്റുകളുടെയും നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. 2016-നുശേഷം 5443 സ്റ്റാർട്ടപ്പുകൾ ആരംഭിച്ചതിലൂടെ 5,600 കോടി രൂപയുടെ നിക്ഷേപമുണ്ടാക്കുന്നതിനും ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. അന്തർദേശീയ നിലവാരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി എൺപതിലേറെ വൈറസുകളെ പരിശോധനയിലൂടെ കണ്ടെത്തുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയെ സജ്ജമാക്കുകയും രോഗപ്രതിരോധത്തിനൊപ്പം വാക്സിൻ വികസിപ്പിക്കാനുള്ള ഗവേഷണങ്ങൾക്ക് സൗകര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. ഒരേ പരിതസ്ഥിതിയിൽ പ്രവർത്തിക്കുന്ന ഫംഗസുകളുടെയും ബാക്ടീരിയകളുടെയും വൈറസുകളുടെയും സൂക്ഷ്മാണുവ്യവസ്ഥ സംബന്ധിച്ച ഗവേഷണത്തിന് സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോ ബയോം സ്ഥാപിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. കെ-ഫോൺ പദ്ധതിയിൽ വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവയ്ക്കായി ഇതുവരെ 37259 കണക്ഷനുകൾ നൽകിയിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5856 കുടുംബങ്ങൾക്ക് സൗജന്യ കെ-ഫോൺ കണക്ഷനുകൾ നൽകുകയും ആദിവാസി ഊരുകളിലുൾപ്പെടെ ഇതിന്റെ സേവനം ലഭ്യമാക്കുകയും വാണിജ്യാടിസ്ഥാനത്തിൽ സേവനങ്ങളും കണക്ഷനും ലഭ്യമാക്കാൻ 'എന്റെ കെ-ഫോൺ' മൊബൈൽ ആപ്ലിക്കേഷൻ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി താലൂക്കുതലം വരെയുള്ള ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ലഭ്യമാക്കാനും മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി മുഖേന അഞ്ച് ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. ദേശീയപാത വികസനത്തിന്റെ നാല് റീച്ചുകൾ പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ പണി പുരോഗമിക്കുകയുമാണ്. കാസർഗോഡ് നന്ദാരപ്പടവ് മുതൽ പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേയുടെ 149 കി.മീ. റോഡ് നിർമ്മാണം പൂർത്തിയാകുകയും 297 കി.മീ. റോഡിന്റെ പ്രവൃത്തി

പുരോഗമിച്ചുവരികയുമാണ്. തീരദേശ ഹൈവേയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിന്റെ ഭാഗമായി 194 കോടി രൂപയുടെ പുനരധിവാസ പാക്കേജിന് ധനാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച വയനാട് തുരങ്കപാതയുടെ ഭൂമിയേറ്റെടുക്കൽ നടപടി അന്തിമഘട്ടത്തിലാണ്. കോവളം മുതൽ ബേക്കൽ വരെയുള്ള പശ്ചിമതീര കനാലിന്റെ വികസന പ്രവർത്തനങ്ങൾ അതിവേഗത്തിൽ നടന്നുവരികയാണ്. കൊച്ചി വാട്ടർ മെട്രോയുടെ നാല് ടെർമിനലുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലും 24 ടെർമിനലുകളുടെ നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. കൊച്ചി മെട്രോ ഫേസ് 1 പൂർത്തിയാക്കി സർവ്വീസ് ആരംഭിക്കുകയും രണ്ടാംഘട്ടത്തിന്റെ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കൊമേഴ്സ്യൽ ഓപ്പറേഷൻ ട്രയൽ പുരോഗമിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ടം 2024 സെപ്റ്റംബർ മാസത്തോടെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹരിത കേരളം മിഷന്റെ ഭാഗമായി 30,953 കി.മീ. നീർച്ചാലുകളും 3,234 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 4,844 കുളങ്ങളും 16,815 തടയണകളും പുതുതായി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. യാത്രക്കാരുടെ സൗകര്യത്തിനായി 1013 ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റുകൾ

സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിന് ഹരിതകർമ്മ സേനയുടെ സേവനം സംസ്ഥാന വ്യാപകമാക്കിയിട്ടുണ്ട്. കാർബൺ ന്യൂട്രൽ ഇനിഷ്യേറ്റീവിന്റെ ഭാഗമായി ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം നിർണ്ണയിക്കൽ പൂർത്തിയാക്കുകയും വിശദാംശങ്ങൾ ഉൾപ്പെടുത്തി വെബ്പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-ലെ കേരള തീരദേശ പരിപാലന പ്ലാൻ നോട്ടിഫിക്കേഷൻ 2024-ൽത്തന്നെ നിലവിൽ വരുന്ന രീതിയിൽ നടപടികൾ പൂർത്തീകരിച്ച് കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് അയച്ചിട്ടുണ്ട്. സപ്ലൈകോയ്ക്ക് സബ്സിഡി ഇനത്തിൽ 232 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുവിപണിയിൽനിന്നും 42 രൂപ നിരക്കിൽ സംഭരിച്ച് 12 രൂപയുടെ ബാധ്യത സപ്ലൈകോ ഏറ്റെടുത്തുകൊണ്ടാണ് കെ-റൈസ് വിതരണം ചെയ്യുന്നത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സാമൂഹ്യക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അസാധാരണ സാമ്പത്തിക ഞെരുക്കത്തിനിടയിലും 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കലിന്റെ 81.66% ചെലവഴിക്കാൻ സാധിച്ചത് നേട്ടമാണ്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയിലൂടെ 2,36,344 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കർഷകരുടെ മൂല്യവർദ്ധിത

ഉല്പന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ വിപണിയിൽ എത്തിക്കാൻ 'കേരള ഗ്രോ' ബ്രാൻഡ് രൂപീകരിച്ചിട്ടുണ്ട്. നാളികേരത്തിന്റെ വിലത്തകർച്ച തടയാൻ കിലോയ്ക്ക് 34 രൂപ നിരക്കിൽ 17,026 ടൺ പച്ചത്തേങ്ങ സംഭരിക്കുകയും നാളികേര ഉല്പാദനം വർദ്ധിപ്പിക്കാനായി 232 കേരഗ്രാമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൊടുംവരൾച്ചയുടെ ഭാഗമായി കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായധനം നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കർഷകർക്ക് സ്മാർട്ട് ഐ.ഡി. കാർഡ് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യാവസായിക മേഖലയിൽ ആരംഭിച്ച 'ഒരു വർഷം ഒരു ലക്ഷം സംരംഭം' പദ്ധതി പ്രകാരം 2022 ഏപ്രിൽ 1 മുതൽ ഇതുവരെ 2,50,029 പുതിയ സംരംഭങ്ങൾ ആരംഭിക്കാനും 15,964 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാനും 5,32,089 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന് കേരള സ്റ്റേറ്റ് പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചു. പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി നടപ്പിലാക്കിയതുവഴി കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പാൽ, പച്ചക്കറി ഉല്പാദനം സ്വയംപര്യാപ്തതയിലേയ്ക്ക്

എത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കക്ഷി രാഷ്ട്രീയ ജാതി മത ഭേദമന്യേയുള്ള ജനക്ഷേമ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും 29-നെതിരെ 74 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 05.51-ന് പിരിഞ്ഞു.

***************